**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 90** **06-02-2023 - ൽ മറുപടിയ്ക്ക്**

**ഇറിഗേഷൻ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ പ്രമോദ് നാരായൺ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജലസേചന വകുപ്പിന് കീഴിലുള്ള ഡാമുകളുടെയും മറ്റു സ്ഥലങ്ങളുടെയും വിനോദ സഞ്ചാര സാദ്ധ്യത പ്രയോജനപ്പെടുത്തുന്ന തിനായി ഇറിഗേഷൻ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി സ.ഉ.(കൈ)നം.68/2022/ജവിവ പ്രകാരം തീരുമാനിച്ചിട്ടുണ്ട് |
| (ബി) | ഇറിഗേഷൻ വകുപ്പിന് കീഴിൽ വരുന്ന ജലാശയങ്ങളിൽ ബോട്ടിങ്, കുട്ടവഞ്ചി സഞ്ചാരം, കയാക്കിങ് എന്നിവ പോലുള്ള ജലവിനോദ പരിപാടികൾ നടപ്പാക്കി വരുന്നുണ്ടോ; ഇതിന് പ്രാദേശികാടിസ്ഥാനത്തിൽ കരാറിൽ ഏർപ്പെടുന്നതിനടക്കം ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ വിശദാംശം അറിയിക്കുമോ; | (ബി) | ഉണ്ട്. കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് (അമന്റ്മെന്റ്) പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയറുമായാണ് കരാറിൽ ഏർപ്പെടേണ്ടത്. |
| (സി) | ഏതൊക്കെ ഏജൻസികൾക്കാണ് കരാറിൽ ഏർപ്പെടുന്നതിന് യോഗ്യതയുള്ളത്; കരാറിന്റെ മാനദണ്ഡങ്ങൾ അറിയിക്കാമോ; മാനദണ്ഡങ്ങൾ പാലിക്കുന്ന പുതിയ ഏജൻസികളെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | ഓരോ ടൂറിസം പദ്ധതിയുടെയും പ്രസ്തുത സ്ഥലത്തിന്റെയും പ്രത്യേകതകളും അവിടെ വരുന്ന സഞ്ചാരികളുടെ രീതിയും അവരുടെ വിവിധ ആവശ്യങ്ങളും കണക്കിലെടുത്തുകൊണ്ടു മാത്രമേ എഗ്രിമെന്റുകളും അതിലെ കണ്ടീഷനുകളും അന്തിമമാക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യം വിശദമായി പരിശോധിച്ചു വരികയാണ്. അപ്രകാരം ഒരോ സ്ഥലത്തിനും ആവശ്യമായ രീതിയിലും വിനോദ സഞ്ചാരികൾക്ക് ഏറ്റവും കൂടുതൽ സേവനങ്ങളും ഭൗതിക സാഹചര്യങ്ങളും ഒരുക്കുന്നതിനും സഹായകമായ രീതിയിലും അതോടൊപ്പം ജലസേചന വകുപ്പിന്റെ എല്ലാ സുരക്ഷയും മറ്റു കാര്യങ്ങളും ഉറപ്പാക്കിക്കൊണ്ടുമായിരിക്കും പ്രസ്തുത എഗ്രിമെന്റുകൾ തയ്യാറാക്കുക. ഇതിന് അന്തിമ രൂപം ആയിട്ടില്ല. |

| | | | |
|---|---|---|---|
| | | | വളരെ ഏകീകൃതവും എന്നാൽ വിനോദ സഞ്ചാരികൾക്ക് സമഗ്രവും പുതുമയേറിയ സേവനങ്ങളും നൽകുന്നതിനായി വൃത്തിയും മറ്റ് സുരക്ഷാ സാഹചര്യങ്ങളും ഉറപ്പാക്കുന്ന രീതിയിലുള്ള പദ്ധതികളായിരിക്കും തയ്യാറാക്കുക. ഇതിനായി തീർച്ചയായും നിർവ്വഹണ ഏജൻസികളെ പരിശോധിച്ച് അവരുടെ പ്രൊപ്പോസലുകൾ പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്. ടൂറിസം അനുബന്ധ സേവനങ്ങൾ ഒരുക്കുന്നത് സാധാരണ പ്രക്രിയയല്ല. മറിച്ച് ഇതിനകത്ത് ഒരു ക്രിയേറ്റിവിറ്റിയും ആർട്ട്, ടെക്നോളജി എന്നിവയും ഉൾപ്പെടുന്നുണ്ട്. അതുകൊണ്ട്തന്നെ ഏതെങ്കിലും ഒരു പ്രത്യേക സ്ഥാപനത്തെ ഇതിനായി ഏൽപ്പിക്കാനാവില്ല. പകരം ഒരോ സ്ഥലത്തും അവർ കൊണ്ടുവരുന്ന ഏറ്റവും നൂതനമായ ക്രിയേറ്റീവായിട്ടുള്ള പ്രൊപ്പോസൽ പരിശോധിച്ചിട്ടായിരിക്കും അവരെ പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യം ആലോചിക്കുക. |
| (ഡി) | ഇറിഗേഷൻ ടൂറിസം പദ്ധതിയിൽ ജലാശയങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | ഇറിഗേഷൻ വകുപ്പിന് കീഴിൽ ഡാമുകളും ബാരേജുകളുമായി ആകെ 16 സംവിധാന ങ്ങളാണ് ഉള്ളത്. അതുകൊണ്ടുതന്നെ ഇറിഗേഷൻ ടൂറിസം പദ്ധതിയുടെ ഏറ്റവും ആകർഷണമെന്നു പറയുന്നത് പ്രസ്തുത ജലാശയങ്ങളാണ്. ഡാമുകളും ബാരേജുകളും കൂടാതെ മറ്റു ജലാശയങ്ങളും ഇറിഗേഷൻ വകുപ്പിന്റെ പരിധിയിൽ വരുന്നുണ്ട്. ആയതും വളരെ പ്രകൃതി രമണീയമായതും സഞ്ചാരികൾക്ക് പുതുമയേറിയ അനുഭവം നൽകുന്നതുമായ പ്രദേശമാണ് പരിഗണിക്കുന്നത്. അതുകാരണം ജലസേചന വകുപ്പിനു കീഴിലുള്ള ബാരേജുകൾ, ഡാമുകൾ എന്നതു കൂടാതെ സാധ്യമായ എല്ലാ ജലാശയങ്ങളിലും പ്രസ്തുത പദ്ധതി വികസിപ്പിക്കുന്നതിന് ലക്ഷ്യമിട്ടാണ് നടപടികൾ സ്വീകരിച്ചു വരുന്നത് |
| (ഇ) | ഇറിഗേഷൻ ടൂറിസം പദ്ധതിക്കായി 2023-24 സാമ്പത്തികവർഷം എത്ര തുക ചെലവഴിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ? | (ഇ) | ടൂറിസം പദ്ധതിക്കായി 2023-24 ബജറ്റിൽ അനുവദിക്കുന്ന തുക പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കും. എന്തെങ്കിലും കൂടുതൽ ആവശ്യമായി വരികയാണെങ്കിൽ ആയതിനു വേണ്ടി അധികം തുക പ്ലാനുകളുടെയും പദ്ധതികളുടെയും അടിസ്ഥാനത്തിൽ ആവശ്യപ്പെടാനുള്ള നടപടികൾ സ്വീകരിക്കും. ഇതിൽ പ്രധാനകാര്യം ഇറിഗേഷൻ ടൂറിസം എന്ന് പറയുന്നത് സർക്കാരിന്റെ പ്ലാൻ അല്ലെങ്കിൽ നോൺ പ്ലാൻ ഗ്രാന്റ് മാത്രം പൂർണ്ണമായി ആശ്രയിച്ചുകൊണ്ട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതല്ല. പകരം അവ വിനോദ സഞ്ചാരികൾക്ക് പുതുമയേറിയ അനുഭവം നൽകുന്നതോടൊപ്പം സ്വയംസാമ്പത്തിക |

| | | | |
|---|---|---|---|
| | | | പര്യാപ്തമായ രീതിയിലേക്കും അവയുടെ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സൗകര്യങ്ങളും വികസിപ്പിക്കാൻ ഉതകുന്ന അധിക വരുമാനം ലഭിക്കുന്ന രീതിയിലും അതോടൊപ്പം ജലസേചന വകുപ്പിന്റെ ആസ്തികൾക്കോ, മറ്റ് നിർമ്മിതികൾക്കോ യാതൊരു തരത്തിലുള്ള സുരക്ഷാ വീഴ്ചയോ മറ്റ് നാശനഷ്ടങ്ങളോ ഉണ്ടാകാത്ത രീതിയിലും നടത്തുന്ന രീതിയിലായിരിക്കും ഇറിഗേഷൻ ടൂറിസം വികസിപ്പിക്കുക. ആയതിനാൽതന്നെ ഭാവിയിൽ സർക്കാരിന് വരുമാനം ലഭിക്കുന്ന തരത്തിലായിരിക്കും ഇറിഗേഷൻ ടൂറിസം വികസിപ്പിച്ച് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ